# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5751** — **03/11/2016 -**ൽ മറുപടിക്ക്

# വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം

## ചോദ്യം

ശ്രീ. മോൻസ് ജോസഫ്

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ സംവിധാനമുണ്ടോ; ഈ മീറ്ററുകൾ കേടാവുന്നതുമൂലം പുതിയ മീറ്റർ വാങ്ങി ഉപഭോക്താക്കൾ സ്ഥാപിക്കുമ്പോഴും ഡിപ്പാർട്ട്മെന്റിൽനിന്നും ഉണ്ടാകുന്ന പ്രൊസീഡിയറിൽ ഉണ്ടായിരിക്കുന്ന സങ്കീർണ്ണത ലളിതമാക്കുവാൻ കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റി ഓഫീസുകളുടെ പരിസരത്തെ പെട്ടിക്കടകളിൽ നിന്നും ഉപഭോക്താക്കൾ മീറ്റർ വാങ്ങുന്നതിനുപകരം കേരള വാട്ടർ അതോറിറ്റി തന്നെ നിലവാരമുള്ള മീറ്റർ വിൽപ്പന നടത്തുന്ന സംവിധാനം ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ?

## മറുപടി

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) ഗുണനിലവാരം നിഷ്കർഷിക്കുന്ന ISI സർട്ടിഫിക്കറ്റോടുകൂടിയ ബി ക്ലാസ്സ് വാട്ടർ മീറ്ററുകൾ വാങ്ങി സ്ഥാപിക്കേണ്ടത് ഉപഭോക്താവാണ്. ജല അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധന നടത്തിയശേഷമാണ് ഉപഭോക്താക്കൾക്ക് മീറ്റർ സ്ഥാപിക്കുവാൻ അനുമതി നൽകുന്നത്. കേടായ മീറ്റർ മാറ്റി പുതിയ മീറ്റർ സ്ഥാപിക്കുന്നതിന് ഇപ്പോഴുള്ള നടപടി ക്രമത്തിൽ മാറ്റം വരുത്തി പരമാവധി ഉപഭോക്തൃ സൗഹൃദപരമായ സംവിധാനം ഉണ്ടാകുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

JSK/